തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പിന്നാക്കസമുദായോന്നമന വകുപ്പിൽ നിന്നും 1955.56 വർഷത്തിൽ 7 പയൽസ്കൂളുകളും, 45 വായനശാലകളും പുതുതായി അനുവദിച്ചിട്ടുണ്ട്. നിശാപാഠശാലകൾ അനുവദിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) എ-യുടെ ഉത്തരം മൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തു ശിപായിമാർ.

* 48. [20] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള പഞ്ചായത്തുകളിൽ സേവനം അനുഷ്ഠിച്ചുവരുന്ന പഞ്ചായത്തു ശിപായിമാർക്ക് ഇന്നു ലഭിച്ചുവരുന്ന ശമ്പളം തീരെ കുറവാണെന്നുള്ള വസ്തുത ഗവണ്മെൻറിനറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെന്താണെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) അറിയാം.

(ബി-സി) അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുകയാണ്.

സുപ്രീംകോടതിയിൽ കേസ്സുനടത്തുന്ന അഭിഭാഷകർ.

* 49. [22] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു വേണ്ടി സുപ്രീംകോടതിയിൽ കേസുനടത്തുന്നതിന് എത്ര അഭിഭാഷകരെ നിയമിച്ചിട്ടുണ്ട്;

(ബി) അവരുടെ ശമ്പളം, പ്രതിഫലം, അലവൻസ് മുതലായവ എന്തു വീതമാണ്;

(സി) ഈ അഭിഭാഷകർ ആരെല്ലാമാണ്?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഒരു അഭിഭാഷകനെ നിയമിച്ചിട്ടുണ്ട്. പക്ഷേ ഈ സ്റ്റേറിനെ ബാധിക്കുന്ന സുപ്രീംകോടതിയിലുള്ള പ്രധാനപ്പെട്ട കേസുകൾ നടത്തുന്നതിനു വേണ്ടി അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് ശ്രീ. ഇ. എസ്സ്. കൃഷ്ണസ്വാമി അയ്യങ്കാർ അവർകളെ ഒരു സീനിയർ കൗൺസിലറായി നിയോഗിക്കുവാൻ അദ്ദേഹത്തിനു അധികാരമുണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly